# Desabhimani

## 22 August 2018

## Thiruvananthapuram, After Flood, Rehabilation Work, ITI



# പുനരധിവാസപ്രവർത്തനങ്ങൾക്ക് മൂവായിരത്തോളം ഐടിഐക്കാർ

**ഇലക്ട്രിക്കൽ, പ്ലംബ്ബിങ്, വെൽഡിങ്, കാർപ്പന്ററി പ്രവൃത്തികൾക്കാണ് ഐടിഐകളിലെ ട്രെയിനികളെയും ഇൻസ്ട്രക്ടർമാരെയും നിയോഗിക്കുന്നത്.**

**സ്വന്തം ലേഖകൻ**

**തിരുവനന്തപുരം**

പ്രളയക്കെടുതിയിൽ നാശനഷ്ടം നേരിട്ട വീടുകളിലെയും സ്ഥാപനങ്ങളിലെയും ഉപകരണങ്ങളുടെ അറ്റകുറ്റപ്പണിക്കും പ്ലംബ്ബിങ് അടക്കമുള്ള ജോലികൾക്കുമായി വ്യവസായിക പരിശീലനവകുപ്പിനു കീഴിലുള്ള ഐടിഐകളിലെ 3132 ട്രയിനികളെയും ഇൻസ്ട്രക്ടർമാരെയും നിയോഗിക്കാൻ തൊഴിലും നൈപുണ്യവും വകുപ്പ് തീരുമാനിച്ചു.

ഇലക്ട്രിക്കൽ, പ്ലമ്പിങ്, വെൽഡിങ്, കാർപ്പന്ററി പ്രവൃത്തികൾ ഇവർ നിർവഹിക്കും. ഇലക്ട്രീഷ്യൻ, പ്ലംബർ, വയർമാൻ, കാർപ്പെന്റർ, വെൽഡർ, റഫ്രിജറേഷൻ മെക്കാനിക്, ഇലക്ട്രോണിക്സ് മെക്കാനിക് എന്നീ ട്രേഡുകളിൽ പരിശീലനം സിദ്ധിച്ച ട്രെയിനികളും പരിശീലകരുമാണ് സന്നദ്ധസേവനത്തിനായി എത്തുക. ജില്ലാ കലക്ടർമാരും സംസ്ഥാന ഹരിതമിഷനും മുഖേന ഇവരെ സേവനത്തിന് നിയോഗിക്കും.

ഐടിഐ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സന്നദ്ധസേവന സംഘങ്ങളുടെ പട്ടിക സംസ്ഥാന ഹരിതമിഷനും അതത് ജില്ലാ കലക്ടർമാർക്കും നൽകിയിട്ടുണ്ട്. കലക്ടർമാർ ആവശ്യപ്പെടുന്ന മുറയ്ക്ക് പുനരധിവാസപ്രവർത്തനങ്ങളിൽ ഇവർ പങ്കെടുക്കും. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാതല നോഡൽ പ്രിൻസിപ്പൽമാരെയും കോ - ഓഡിനേറ്റർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. വളണ്ടിയർമാരായി പോകുന്ന സ്റ്റാഫ്, ട്രയിനികൾ എന്നിവരുടെ ജില്ല തിരിച്ചുള്ള കണക്ക് യഥാക്രമം ചുവടെ ; തിരുവനന്തപുരം 78 സ്റ്റാഫുകൾ, 611 ട്രയിനികൾ , കൊല്ലം 31 സ്റ്റാഫുകൾ, 65ട്രയിനികൾ, പത്തനംതിട്ട 7സ്റ്റാഫുകൾ, 35 ട്രയിനികൾ, ആലപ്പുഴ 19 സ്റ്റാഫുകൾ,143 ട്രയിനികൾ, കോട്ടയം 30 സ്റ്റാഫുകൾ, 154 ട്രയിനികൾ, ഇടുക്കി 13 സ്റ്റാഫുകൾ, 70 ട്രയിനികൾ, എറണാകുളം 38 സ്റ്റാഫുകൾ, 360 ട്രയിനികൾ, തൃശൂർ 38 സ്റ്റാഫുകൾ, 206 ട്രയിനികൾ, പാലക്കാട് 30 സ്റ്റാഫുകൾ, 407 ട്രയിനികൾ, മലപ്പുറം 21 സ്റ്റാഫുകൾ, 210 ട്രയിനികൾ, കോഴിക്കോട് 42 സ്റ്റാഫുകൾ, 230 ട്രയിനികൾ, വയനാട് 5 സ്റ്റാഫുകൾ, 30 ട്രയിനികൾ, കണ്ണൂർ 28 സ്റ്റാഫുകൾ, 87 ട്രയിനികൾ, കാസർകോട് 16 സ്റ്റാഫുകൾ, 128 ട്രയിനികൾ. ആകെ യഥാക്രമം 396 സ്റ്റാഫുകൾ, 2736 ട്രയിനികൾ എന്നിങ്ങനെ 3132 പേർ.